തിരുക്കുറൾ

തിരുവള്ളുവർ

(വിവ: തോമസ് താമരശ്ശേരി)



തിരുക്കുറൾ (ഭാഗം 17)
തിരുവള്ളുവർ
വിവ: തോമസ് താമരശ്ശേരി

© 2025 Thomas Thamarassery

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeLaTeX from TeXLive 2022 and the cloud framework, Ithal (ഇതൾ).

The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography.

The font used for Tamil script was Arima Madurai Regular, designed by Joana Correia and Natanael Gama.

The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Cover: Thiruvalluvar Statue, a photograph by Darisi sumanth. The image is taken from Wikimedia Commons and is gratefully acknowledged.

Sayahna Foundation
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

തിരുക്കുറൾ

കൊല്ലാമൈ

321. അറവിനൈ യാതുഎനിൽ കൊൽലാമൈ; കോറൽ
പിറവിനൈ എൽലാം തരും

കൊല്ലാതിരിപ്പതു ധർമ്മം, കൊല്ലുകിൽ
എല്ലാം വിനകളാഷ്ടീരും.

322. പകുത്തു ഉൺടു പൽഉയിർ ഓമ്പുതൽ നൂലോർ
തൊകുത്തവറ്റുൾ എൽലാം തലൈ.

മറ്റയിർ പോറ്റ നാമുണ്ണുന്നൊരൗൽകൃഷ്യം
തത്ത്വശാസ്ത്രങ്ങളിൽ കാണാം.

323. ഒൻറുആക നൽലതു കൊൽലാമൈ; മറ്റു അതൻ
പിൻചാരപ് പൊയ്യാമൈ നൻറു.

അഹിംസയാണാദ്യത്തെ ധർമ്മം, ഒപ്പമായ്
സത്യധർമ്മങ്ങളും വേണം.

324. നൽആറു എനപ്പടുവതു യാതെനിൻ യാതുഒൻറുമ്
കൊൽലാമൈ ചൂഴുമ് നെറി.

നല്ലതാംജീവിതം മറ്റൊരു ജീവിയെ
കൊല്ലാതെ കാക്കുന്ന ധർമ്മം.

325. നിലൈഅഞ്ചി നീത്താരുൾ എൽലാം കൊലൈ അഞ്ചിക്
കൊൽലാമൈ ചൂഴ്വാൻ തലൈ

ജനിമൃതി ഭയത്താൽ സന്യാസിയാകാതെ
പാപമായ്ത്തീരുതി കൊലയുപേക്ഷിക്കുക.

326. കൊൽലാമൈ മേറ്കൊൺടു ഒഴുകുവാൻ
വാഴ്നാൾ മേൽ,
സെൽലാതു ഉയിർഉൺണുമ് കൂറ്റു.

അഹിംസാവൃതത്തിലായ് വാഴുന്നൊരുവനെ
ഹിംസിക്കാൻ കാലനെത്തില്ല.

327. തൻഉയിർ നീപ്പിനുമ് സെയ്യറ്ക താൻ പിറിതു
ഇൻഉയിർ നീക്കുമ് വിനൈ.

തന്നയിർ പോകുന്ന വേളയുമന്യനെ
കൊന്നിടാൻ തുനിയുമതു പാപം.

328. നൻറുആകുമ് ആക്കമ്പെരിതു എനിനുമ് സാൻറോർക്കുക്
കൊൻറു ആകുമ് ആക്കമ് കടൈ.

നന്മകളേറെ ലഭിച്ചാലും യാഗബലി
ഉത്തമന പാപമായ്ത്തീരും.

329. കൊലൈവിനൈയർ ആകിയ മാക്കൾ പുലൈവിനൈയർ
പുൻമൈ തെരിവാർ അകത്തു.

കൊല,കുലത്തൊഴിലായി കാണുന്നോനെ
അറിവുള്ളോർ ഹീനനായ് കാണും.

330. ഉയിർഉടമ്പിൻ നീക്കിയാർ എൻപ സെയിർ ഉടമ്പിൻ
സെൽലാത് തീ വാഴ്ക്കൈ യവർ

വ്യാധിയും ദാരിദ്ര്യദുഃഖവും പേറുന്നോർ
മുൻജന്മം കൊലചെയ്ത ഹീനർ.

അസ്ഥിരത

331. നിൽലാത വറ്റൈ നിലൈയിന എൻറു ഉണരുമ്
പുൽലറിവു ആൺമൈ കടൈ.

നശ്വരം, ശാശ്വതമായ്ത്തോന്നുമ് ഭ്രമം
മിഥ്യയാൽ വരുമല്ല ജ്ഞാനം.

332. കൂത്തുആട്ടു അവൈക് കുഴാത്തു അറ്റേ പെരുമ് സെൽവമ്
പോക്കുമ് അതുവിളിന്തു അറ്റു.

വേദിയിൽ കൂത്തിന് കൂടും ജനങ്ങൾ പോൽ
കൂടുന്ന വിത്തവും പോകും.

333. അറ്കാ ഇയൽപിറ്റുച് സെൽവമ്; അതുപെറ്റാൽ
അറ്കുപ ആങ്കേ സെയൽ.

നശ്വരമായുള്ള സമ്പത്ത് നേടിയാൽ
സത്വരം ധർമ്മം ചെയ്യേണം.

334. നാൾഎന ഒൻറുപോൽ കാട്ടി ഉയിർ ഈരുമ്
വാൾഅതു ഉണർവാർപ് പെറിൻ

നാളുകൾ ജീവനെ വേർപെടുത്തും , ഈർച്ച
വാളെന്ന സത്യമറിയേണം.

335. നാച്ചെറ്റു വിക്കുൾമേൽ വാരാമുൻ നൽവിനൈ
മേറ് ചെൻറു സെയ്യപ് പടുമ്

നാവതു താണുപോയിക്കിൾ വരും മുമ്പ
നല്ല കർമ്മങ്ങൾ നടത്തിയെടുക്കണം.

336. നെരുനൽ ഉളൻ ഒരുവൻ ഇൻറു ഇല്ലൈ എന്നുമ്
പെരുമൈ ഉടൈത്തു ഇവ്വുലകു.

ഇന്നലെയുള്ളവനിന്നില്ലയെന്നതാം
ഉന്നതിയുള്ളതീ ലോകം.

337. ഒരു പൊഴുതുമ് വാഴ്വതു അറിയാർ കരുതുപ
കോടിയുമ് അല്ല പല.

നിമിഷങ്ങളിനിയും പുലരുമെന്നറിയാത്തോർ
പല കോടി കരുതുവാൻ നോക്കും.

338. കുടമ്പൈ തനിത്തു ഒഴിയപ് പുൾപറന്തു അറ്റേ
ഉടമ്പോടു ഉയിരിടൈ നട്പു.

തോടുപേക്ഷിച്ച പറന്നുപോം പക്ഷിയെ
പ്പോലെയാണയിരുടൽ ബന്ധം.

339. ഉറങ്കുവതു പോലുമ് സാക്കാടു ഉറങ്കി
വിഴിപ്പതു പോലുമ് പിറപ്പു.

നിദ്രയിലാഴമ്പോലെ മരണം, വെടിഞ്ഞൊരു
നിദ്രപോലുള്ളതു ജനനം.

340. പുക്കിൽ അമൈന്തിൻറു കൊൽലോ ഉടമ്പിനുൾ
തുച്ചിൽ ഇരുന്ത ഉയിർക്കു

സ്ഥിരമല്ലാതുടലിലായ് വാഴുന്ന ജീവന്
സ്ഥിരമായ ഭവനമില്ലല്ലോ.

തോമസ് താമരശ്ശേരി



കൊല്ലം കാവനാട് സ്വദേശി. 1995 മുതൽ വിവിധ ഗവൺമെന്റ് കോളേജുകളിലും ശ്രീ ശങ്കരാചാര്യ സംസ്കൃത സർവകലാശാലയുടെ വിവിധ പ്രാദേശിക കേന്ദ്രങ്ങളിലും മലയാള വിഭാഗത്തിൽ അദ്ധ്യാപകനായിരുന്നു. 2019-ൽ വിരമിച്ചു.

പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണ ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വിതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <editors@sayahna.org>.
- പ്രതികരണങ്ങൾ <editors@sayahna.org> എന്ന ഇമെയിലിലേയ്ക്കോ, ഈ വെബ് പേജിൽ കമന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014